**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2666** **06-10-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ പ്രധാന പദ്ധതിയായ കാഞ്ഞങ്ങാട് വ്യവസായ പാർക്കിന്റെ ചുറ്റമതിൽ നിർമ്മാണം 85% പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണം പുരോഗമിക്കുന്നു. ഇന്റേണൽ റോഡ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. വൈദ്യുതി വിതരണത്തിനായി ഹൈ-ടെൻഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കാഞ്ഞങ്ങാട് മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ മറ്റ് പദ്ധതികൾ താഴെപ്പറയുന്നവയാണ്<br><br>1. സംരംഭക സഹായ പദ്ധതി<br><br>2.നാനോ വ്യവസായ യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ് പദ്ധതി.<br><br>3. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി<br><br>4.ആശ സ്കീം<br><br>5.ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br><br>6.സൂക്ഷ്മ ഭക്ഷ്യസംസ്കരണ സംരംഭങ്ങൾക്കായുള്ള പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ എന്റർപ്രൈസസ് പദ്ധതി.<br><br>7.ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉത്പ്പന്നം പദ്ധതി<br><br>8.വ്യവസായ ഭദ്രത പദ്ധതി<br><br>മിഷൻ 1000 പദ്ധതിയിൽ 2 വ്യവസായ യൂണിറ്റുകൾ കാഞ്ഞങ്ങാട് മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. സംരംഭക സഹായ പദ്ധതിയിലൂടെ 2016 മുതൽ 2025 മാർച്ച് വരെ 2,70,93,122/- രൂപ വിവിധ സംരംഭകർക്ക് വിതരണം ചെയ്തിട്ടുണ്ട്. നാനോ |

| | | | |
|---|---|---|---|
| | | | മണിഗ്രാന്റ് ഇനത്തിൽ 31,55,944/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, പഞ്ചായത്ത് തല ബോധവത്കരണ പരിപാടികൾ, താലൂക്ക് തല ഇൻവെസ്റ്റേഴ്സ് മീറ്റ്, എക്സിബിഷനുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. സംരംഭകർക്ക് കൈത്താങ്ങായി എല്ലാ പഞ്ചായത്തുകളിലും ബിസിനസ് ഡെവലപ്പ്മെന്റ് പ്രൊവൈഡർമാരെയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ